ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നടത്തിയ തസ്തികകളും എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. †

മലബാർ സിമന്റ്സിൽ മസ്ദൂർ തസ്തികയിലെ നിയമനം

9 [3016] ശ്രീ. കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മസ്ദൂർ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവരുടെയെല്ലാം വിലാസം ലഭ്യമാക്കാമോ;

(സി) ഇവരുടെ നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മസ്ദൂർ തസ്തികയിൽ 102 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) നിയമനം ലഭിച്ചവരുടെ പേരും വിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയും പത്ര പരസ്യങ്ങളിലൂടെയും ഒഴിവുകൾ നോട്ടിഫൈ ചെയ്ത് 28-2-1992-ലെ 14896/BPE-2/91/Plg എന്ന സർക്കാർ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

10 [3017] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ഡോ. തോമസ് ഐസക്ക്:

,, മഞ്ഞളാംകുഴി അലി:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കാനായി നടപടി സ്വീകരിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം III. ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളെയാണ് സ്വകാര്യവൽക്കരിക്കാൻ കേന്ദ്രനീക്കം ആരംഭിച്ചിട്ടുണ്ടായിരുന്നത്;

(സി) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യവൽക്കരണ നടപടികളിൽ മാറ്റം വരുത്തിയതായി അറിയുമോ;

(ഡി) സംസ്ഥാന സർക്കാർ അതിനായി ഏതെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്. എ. സി. റ്റി., ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്.

(സി) പുതിയ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരണ നടപടികളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ഡി) എഫ്. എ. സി. റ്റി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് മുഖ്യമന്ത്രിയും വ്യവസായ-ധനകാര്യ മന്ത്രിമാരും കേന്ദ്ര രാസവളം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. കേന്ദ്രസർക്കാരിന്റെ തീരുമാനം പ്രതീക്ഷിക്കുന്നു.

(ഇ) ഇപ്പോഴത്തെ കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പൊതുമേഖലകളെ സംബന്ധിച്ചുള്ള നയങ്ങൾ കേരളത്തിൽ തുടർന്നുവരുന്ന നയങ്ങൾക്കനുസൃതമാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ നടപടി

11 [3018] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനി അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം സ്വകാര്യമേഖലയ്ക്ക് കൈമാറി; അവ ഏതെല്ലാം;

(സി) പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുമ്പോൾ അവിടെ പണിയെടുക്കുന്ന ജീവനക്കാരുടെ സംരക്ഷണത്തിന് എന്ത് മാനദണ്ഡമാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly